ഒറ്റയാനയെഴുന്നെള്ളിപ്പിന്റെ ഓർമ്മപൂരം

(രണ്ടാം ഭാഗം [2/3]; ഈ ലേഖനം മൂന്നു ഭാഗങ്ങളിലായി കൊടുക്കുന്നു {എഡിറ്റർ})

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

{പൂരങ്കഴിഞ്ഞു. ആനയും വാദ്യവും വിട വാങ്ങി. ഉത്സവം കഴിഞ്ഞ അമ്പലപ്പറമ്പു പോലെ മനം പൂർണ്ണമായും ശൂന്യമാകുന്നതിനു മുമ്പ് ഓർമ്മക്കോശങ്ങളെ ചൊറിഞ്ഞ് അല്പം ചിന്താച്ചൊരിച്ചിൽ. "ഞാനി"ല്ലാത്ത എന്റെ ഓർമ്മകൾക്ക് എന്തു പ്രസക്തി!}

4
ഒറ്റയാനയെഴുന്നെള്ളിപ്പ്

1963-ലെ പൂരമാണ് ആഘോഷങ്ങളില്ലാതെ ഒറ്റയാനയോടെ നടന്ന എന്റെ ഓർമ്മയിലെ പൂരം! ഉത്സാഹമില്ലാതെ, നാട്ടുകാർ കണ്ടാൽ പരസ്പരം ചിരിക്കാതായി. ഞങ്ങൾ കുട്ടികളെല്ലാം അന്ന് കാത്തിരുപ്പിന്റെ കോലം കുതിർന്നുതകർന്ന് മൂകരായി.

ചൈന ഇന്ത്യയെ ആക്രമിച്ച് (ഇന്ത്യ-ചൈന യുദ്ധം അഥവാ അതിർത്തിത്തർക്കം എന്ന് ചരിത്ര പുസ്തകങ്ങൾ) രാജ്യം മുഴുവൻ ഭയാശങ്കകളിൽ കഴിഞ്ഞ മാസങ്ങൾ. നേഫയുടെയും ലഡാക്കിന്റെയും മറ്റു വടക്കുകിഴക്കൻ അതിർത്തികളുടെയും പേരുകൾ മക്മൊഹൻ രേഖയ്ക്കൊപ്പം ചെറിയ കുട്ടികളുടെയുംകൂടി പദസഞ്ചയത്തിലെ ഏറ്റവും ഒടുവിലെ സവിശേഷതയായി മാറി.

വീട്ടിലെ റേഡിയോക്കു ചുറ്റും ദുർവാർത്തകൾക്കു കാത്തിരിക്കുന്ന അശുഭാപ്തി വിശ്വാസക്കാരെപ്പോലെ മുതിർന്നവർക്കൊപ്പം കുട്ടികളും പതുങ്ങിനിന്നു. അന്ന് വീട്ടിൽ വരുത്തിയിരുന്ന ദീപിക പത്രമിടുന്ന

ഒറ്റക്കണ്ണൻ ചേട്ടന്റെ സൈക്കിളിന്റെ ബെൽ വൈകിയാൽ ഞങ്ങൾ അസ്വസ്ഥരാകും. ആയിരത്തിത്തൊള്ളായിരത്തി അമ്പതുകൾ കഴിയുന്നതിനു മുമ്പുതന്നെ അക്കാലത്തെ അധുനീകരണത്തിന്റെ പ്രതീകങ്ങളായ വൈദ്യുതി, റേഡിയോ, മുനിസിഫൽ വാട്ടർ കണക്ഷൻ എന്നിവ പട്ടണവാസികളായ ഞങ്ങൾക്ക് ലഭ്യമായിരുന്നു. യുദ്ധത്തെക്കുറിച്ചുള്ള ചർച്ചകൾക്കു ഞാനും കാതോർത്തു.

ദേശഭക്തിഗാനങ്ങൾ എല്ലായിടത്തും ഒഴുകി. സിനമാ തിയേറ്ററുകളിൽ ഫീച്ചർ ചിത്രം ആരംഭിക്കുന്നതിനു മുമ്പുള്ള ഇന്ത്യൻ-ന്യൂസ് ക്ലിപ്പുകളിലെ യുദ്ധ രംഗങ്ങൾ ബോംബെയിലെ നാണപ്പന്റെ മനോഹരമായ ശബ്ദത്തിൽ കമന്റേറിയായി മലയാളത്തിൽ നിർഗ്ഗളിക്കുന്ന നിമിഷങ്ങൾക്കായി ഞങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ കാത്തിരുന്നു. ഏറെ ആസ്വദിച്ചിരുന്ന സ്പോർട്സ് ക്ലിപ്പുകൾ യുദ്ധവാർത്തകൾക്കു മുമ്പിൽ ശോഭ കുറഞ്ഞു കാണപ്പെട്ടു. ഒ.എൻ.വി.യുടെ “ഇന്ത്യയുടെ ശബ്ദം” എന്ന കവിത 1962 ഡിസംബർ 30-ലെ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിലൂടെ “ഹൃദ്രക്തം” പൊഴിച്ചു.

രാജ്യം മുഴുവൻ ഒരുതരം നീണ്ട ദു:ഖാചരണത്തിന്റെ മൂഡിലായി. ചെലവു കുറയ്ക്കുന്നതിന്റെ ഭാഗമായി ആഘോഷങ്ങളെല്ലാം വെട്ടിച്ചുരുക്കുന്ന അലിഖിത നിയമം സ്വമേധയാ ജനം അംഗീകരിച്ചു. അക്കൊല്ലത്തെ പൂരത്തിന് ആനകളില്ല, ആളില്ല, അമിട്ടില്ല – ആഘോഷമില്ല. ഒറ്റയാനപ്പൂരം അരംകൊണ്ട് മനസ്സിൽ രാവിയ മായാത്ത മുറിപ്പാടായി. പൂരാഘോഷമില്ലാത്ത തൃശ്ശൂരിനെ സങ്കൽപ്പിക്കാൻ ഭാഷയിൽ ശൈലീവിശേഷണങ്ങൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

പൂരംനാൾ രാവിലെ വടക്കുനാഥന്റെ പടിഞ്ഞാറേ ഗോപുരം തുറന്ന് ഒറ്റയാനയെഴുന്നെള്ളിപ്പ് നിശ്ശബ്ദം ഇറങ്ങുമ്പോൾ ഞാൻ ഒരു സുഹൃത്തുമൊന്നിച്ച് അയാളുടെ, പടിഞ്ഞാറ്റെ റെയിൽവേ ക്രോസ്സിനടുത്തുള്ള മില്ലിലേക്ക് നടക്കുകയായിരുന്നു. പൂരപ്പറമ്പ്, തേങ്ക്സ് ഗിവിങ് ഡിന്നർ സായാഹ്നത്തിലെ ശ്മശാന മൂകത തളംകെട്ടിക്കിടക്കുന്ന മാളിലെ പാർക്കിങ് ലോട്ട് പോലെ ശൂന്യമായി! വിഷാദരോഗത്തിന് അന്ന് ചികിത്സ അസാധാരണമായതിനാൽ ആസ്പത്രി വരാന്തകളിൽ വാരാന്ത്യങ്ങളിൽ തിരക്കുണ്ടായില്ല. പട്ടിക്കും പൂച്ചയ്ക്കും പോലും ഉന്മേഷരാഹിത്യത്തിനു ചികിത്സ തേടുന്ന അമേരിക്കയിലിരുന്ന് ഓർമ്മഭാണ്ഡത്തിലെ വൈജ്ഞാനിക പർവ്വം വരികൾക്കായി കീ-ബോർഡ് പരതുന്നു.

5
രാഷ്ട്രീയപ്രേരിത പക്ഷപാതചിന്തകൾ

ഇന്ത്യ-ചൈന യുദ്ധം നടന്ന് ഭയാശങ്കകളോടെ എല്ലാവരും കഴിഞ്ഞ അദ്ദിനങ്ങൾ (1962-1963). തകർന്ന സാമ്പത്തിക സ്ഥിതിക്കൊപ്പം രാഷ്ട്രത്തിന്റെ ആത്മാഭിമാനത്തിനും ക്ഷതമേറ്റ ഒരു വലിയ ആഘാതം. ചെയർമാൻ മാവോയും പ്രധാനമന്ത്രി ചൌ-എൻ-ലായിയും ക്രൂര കഥാപാത്രങ്ങളായി. 1954-1955-ലെ പഞ്ച/ദശശീലത്തിൽ (ഇന്ത്യയും ചൈനയും തമ്മിലുള്ള സമാധാനക്കരാർ) ആശ്വസിച്ചിരുന്ന പ്രധാനമന്ത്രി നെഹ്രുവും രാജ്യരക്ഷാമന്ത്രി കൃഷ്ണമേനോനും വിമർശിക്കപ്പെട്ടു. 1961-ൽ ഗോവയെ തിരിച്ചുപിടിക്കാൻ ധൈര്യം കാട്ടിയ മേനോൻ ബലിയാടായി രാജിവെച്ചു. നെഹ്രു ഭരണം തുടർന്നു.

ചൈനയുമായി അഭിപ്രായ വ്യത്യാസം മൂലം തിബറ്റ് വിടേണ്ടിവന്ന ദലൈലാമയ്ക്കും സംഘത്തിനും 1959-ൽ ഇന്ത്യ അഭയം കൊടുത്ത് ധരംശാലയിൽ പുനരധിവസിപ്പിച്ചതാണ് യുദ്ധം ചെയ്യാൻ ചൈനയെ പ്രകോപിപ്പിച്ച ഒരു പ്രധാന കാരണം. 2500 മൈലോളം നീണ്ട അതിർത്തിയിൽ നിയന്ത്രണരേഖയ്ക്കപ്പുറം ഇന്ത്യ സ്ഥാപിച്ച *ഔട്ട്പോസ്റ്റു*കളും യുദ്ധാരംഭഹേതുവായി.

ശത്രുവിന് അഭയം കൊടുക്കുന്ന മിത്രം ശത്രുവായി മാറുന്ന അവസ്ഥ. 1962-ലെ ഒക്ടോബർ-നവംബർ മാസങ്ങൾ വടക്കുകിഴക്കൻ അതിർത്തി കാത്തിരുന്ന സൈനികർക്ക് വെല്ലുവിളിയായി. വരാൻ പോകുന്ന ശൈത്യമാസങ്ങളിൽ പിടിച്ചു നിൽക്കാൻ ഇന്ത്യാക്കാർക്ക് എളുപ്പമായിരുന്നില്ല. വൻ ശക്തിയായ ചൈനയ്ക്കു മുമ്പിൽ തോൽവി ഏറ്റു വാങ്ങുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഇന്ത്യ തോറ്റു. ദേശസ്നേഹത്തിന്റെ കടുകിട പോലുമുള്ളവർ തല താഴ്ത്തി.

ശരിത്തെറ്റുകൾ എന്തായാലും, ആധുനിക രാജ്യസുരക്ഷാമാർഗ്ഗങ്ങളിൽ വേണ്ടവിധം ശ്രദ്ധയെടുക്കാതെ മറ്റു വികസന പ്രവർത്തനങ്ങൾക്കു മാത്രം ധനവും ദ്രവ്യവും ഉപയോഗിച്ച, അനിഷേദ്ധ്യ നേതാവും ദേശപ്രേമിയുമായ നെഹ്രുവിന്റെ നയത്തിലെ ഒരു പാളിച്ചയായിരുന്നു അത്. എന്നാൽ ഈ സംഭവം ഒരു നിമിത്തമായി, രാജ്യരക്ഷാ സുരക്ഷത പ്രധാന അജണ്ടയാക്കി സേനാ വിഭാഗങ്ങൾ വളരാൻ ഇടയാക്കി. പിൽക്കാലത്ത് അണുബോംബും, ഹൈഡ്രജൻ ബോംബും, മിസ്സൈലുകളും വികസിപ്പിച്ച ഇന്ത്യ ഒരു

വൻശക്തിയായി വളരുന്നതിനു രാസത്വരകമായി പ്രവർത്തിച്ചത് ഈ യുദ്ധപരാജയം തന്നെ. പാകിസ്താനുമായി 1965-ലും 1971-ലും നടന്ന യുദ്ധമായപ്പോഴേക്കും രാജ്യം സ്വയംസംരക്ഷണ പര്യാപ്തതയിലേക്ക് നീങ്ങാൻ തുടങ്ങിയിരുന്നു.

ജനങ്ങൾ ചുരുങ്ങി ജീവിക്കാൻ നിർബന്ധിതരായി. "ഓർണമെന്റ്സ് ഫോർ ആർമമെന്റ്സ്" എന്ന മുദ്രാവാക്യം എല്ലാവരും ഏറ്റുപാടി. എട്ടാംക്ലാസ്സിലെ ഞങ്ങളുടെ മുഴുക്കൊല്ല ഹിന്ദി പരീക്ഷ മാറ്റിവെച്ച് തൃശ്ശൂരിലെ വമ്പിച്ച റാലിയിൽ കുട്ടികളെല്ലാം പങ്കെടുത്തു. ചൈനാവിരുദ്ധ മുദ്രാവാക്യങ്ങൾ സ്വരാജ് റൌണ്ടിൽ അലയടിച്ചു.

അവിഭക്ത ഇന്ത്യൻ കമ്മ്യൂണിസ്റ്റു പ്രസ്ഥാനം പിളരാൻ അത് കാരണമായി. ചൈനയെ പിന്തുണച്ച വിഭാഗത്തിനെതിരായി "ചൈനാ ചാരന്മാരെ ഒറ്റപ്പെടുത്തുക" എന്ന വാക്യം ചുമരെഴുത്തായും പോസ്റ്ററായും പ്രചരിച്ചു. പലരെയും ജെയിലിലിലടച്ചു. ദേശാഭിമാനമില്ലാത്തോർ ദേശാഭിമാനി നടത്തിയും ജനപിന്തുണയില്ലാത്തോർ ജനയുഗം അച്ചടിച്ചും പിളർപ്പുചരിത്രത്തിന്റെ ഭാഗമായെന്ന് ആളുകൾ അടക്കം പറഞ്ഞു.

അമ്മയുടെ അടുക്കളയിലെ ചീനച്ചട്ടിയെയും ചീനഭരണിയെയും ഞങ്ങൾ സംശയത്തോടെ കാണാൻ തുടങ്ങി. ഇംഗ്ലീഷിൽ വായിക്കുമ്പോൾ പോലും ചീനയെന്ന് ഉച്ചരിച്ചിരുന്ന ഞാൻ ചൈനയെ ഭയത്തോടെ വീക്ഷിച്ചു. ഒരു പക്ഷേ, അമേരിക്കയിൽ വന്ന് മിടുമിടുക്കരായ അനേകം ചൈനാക്കാരെ മനസ്സിലാക്കാനും ചൈനീസ് വിദ്യാർത്ഥികൾക്ക് അമേരിക്കൻ യൂണിവേർസിറ്റി ഗ്രേഡുകൾ കൊടുക്കാനും അവസരം വന്നില്ലായിരുന്നെങ്കിൽ അത്തരം പക്ഷപാതം (ബയസ്) ഞാനും ആയുഷ്ക്കാലം തുടർന്നേനെ!

അതുപോലെ എനിക്ക് പ്രിയങ്കരരായിരുന്ന അനേകം പാക്കിസ്താനി വിദ്യാർത്ഥികളും ഉണ്ടായി. സ്വതേ ഉള്ളിൽ അന്താരാഷ്ട്രീയ വിശാല ചിന്തയുണ്ടായിരുന്ന ഞാൻ ബ്രൂക്ലിൻ കോളേജിൽ ശാസ്ത്ര ഗ്രന്ഥമെഴുത്തിനെക്കുറിച്ചുള്ള ഒരു വർക്ക്ഷോപ്പ് നടത്തിയപ്പോൾ അതിൽ പങ്കെടുക്കാൻ മുന്നോട്ടു വന്ന 10 വിദ്യാർത്ഥികളിൽ അഞ്ചുപേർ പാക്കിസ്താനിൽനിന്നും പലസ്തീനിൽനിന്നും കുടിയേറിയ മുസ്ലീമുകളായിരുന്നു. രണ്ട് യഹൂദ പെങ്കുട്ടികളും അക്കൂട്ടത്തിലുണ്ടായിരുന്നു. പങ്കെടുത്ത ആറ് ആൺക്കുട്ടികളിൽ രണ്ടു മലയാളികളും.

ഇന്ത്യ-പാകിസ്താൻ ബന്ധം ഊഷ്മളമാകട്ടേയെന്ന് അപ്പോൾ ഉള്ളുരുകി

പ്രാർത്ഥിച്ചു. പലസ്തീൻ മുസ്ലീമുകളുടെ ദു:ഖവും, ഇറാൻ യഹൂദരുടെ ആധിയും, റഷ്യൻ അഭയാർത്ഥികളുടെ ആകുലതയും, എന്റെ ഓഫീസിലിരുന്ന് ഉള്ളു തുറന്ന വിദ്യാർത്ഥികൾക്കായി, അമേരിക്കയിലെ ഒരു വ്യാഴഘട്ടത്തെ അദ്ധ്യാപന ജീവിതക്കാലത്ത് ഞാൻ *ക്ലീനെക്സി*ന്റെ നിറപ്പെട്ടി കണ്ണീരൊപ്പാൻ തുറന്നു നീട്ടി.

അനേകം പാക്കിസ്താനികളും ഇന്ത്യാക്കാരും പരസ്പര വൈരാഗ്യത്തോടെ അമേരിക്കയിൽപോലും ഇപ്പോഴും ജീവിക്കുന്നുണ്ട്. എന്നാൽ, ചൈനാക്കാരുടെ പെരുമാറ്റത്തിൽ അതത്ര തോന്നാറുമില്ല.

വ്യക്തികളോ കുടുംബങ്ങളോ രാഷ്ട്രങ്ങളോ തമ്മിലുള്ള ബന്ധം, വിഘടിക്കുന്നതിന്നിടയിൽ രക്തച്ചൊരിച്ചിൽ സംഭവിച്ചിട്ടുണ്ടെങ്കിൽ മുറികൂടാനുള്ള കാലദൈർഘ്യം നൂറ്റാണ്ടുകളിലേക്ക് പടരുമെന്ന സത്യം നിഷേധിക്കാനാവില്ല. ചരിത്രഗവേഷകരും മന:ശാസ്ത്രജ്ഞരും ഇക്കാര്യം ആധികാരികമായി പഠിച്ചിട്ടുണ്ട്. മുൻതലമുറ പുതുതലമുറയ്ക്കു ചരിത്രസത്യം പകരുമ്പോൾ, പകയുടെ വിഷവാഹിനിയായ പീച്ചാങ്കുഴൽ ഒസ്യത്തായി കൈമാറ്റം ചെയ്യാതിരുന്നാൽ മാത്രമേ, സമയത്തിന്റെ പരിപൂർണ്ണതയിലെങ്കിലും മുറിവുകൾ ഉണങ്ങൂ.
(തുടരും)
****